11.11.2023

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) 11/11/2023

1. **ക്രിസ്തുമസ് ആഘോഷത്തിന് മാറ്റുകൂട്ടാനായി "ക്രിസ്മസ് ട്രീ" പദ്ധതിയുമായി കൃഷി വകുപ്പ്;** ഇത്തവണ മുതൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് മോടി കൂട്ടുന്നതിനായി ക്രിസ്മസ് ട്രീ വിതരണം എന്ന ഒരു പദ്ധതി കൂടി വകുപ്പ് നടപ്പിലാക്കുന്നു. സംസ്ഥാനത്തെ 9 ജില്ലകളിലെ 31 ഫാമുകളിലായി 4866 ക്രിസ്തുമസ് ട്രീ തൈകൾ വിതരണത്തിനായി സജ്ജമാക്കിയിട്ടുണ്ട്. തൂജ, ഗോൾഡൻസൈപ്രസ്, അരക്കേറിയ എന്നീ ഇനങ്ങളിലെ തൈകളാണ് ക്രിസ്തുമസിനോടനുബന്ധിച്ചു വിതരണത്തിനായി തയ്യാറാക്കിയിരിക്കുന്നത് 2 മുതൽ 3 അടി വരെ ഉയരമുള്ള തൈകൾ മൺചട്ടിയിലാണ് വളർത്തിയിരിക്കുന്നത്. ലഭ്യമാക്കുന്ന ക്രിസ്മസ്സ് ട്രീകൾ തൂജ തൈകൾ 2 അടി വരെ ഉള്ളത് 200 രൂപ തൂജ തൈകൾ 2 അടിക്കു മുകളിൽ ഉയരം ഉള്ളത് 225 രൂപ, ഗോൾഡൻ സൈപ്രസ് 2 അടി വരെ ഉള്ളത് 250 രൂപ, ഗോൾഡൻ സൈപ്രസ് 2 അടിക്കു മുകളിൽ ഉയരം ഉള്ളത് 300 രൂപ,അരക്കേറിയ 2 തട്ട് വരെ ഉള്ളത് 300 രൂപ, അരക്കേറിയ 2 തട്ടിനു മുകളിൽ 400 രൂപയുമാണ് വില. ക്രിസ്മസ് ട്രീ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ,േ കാഴിക്കോട് എന്നീ ജില്ലകളിലെ ഫാമുകളിൽ ലഭ്യമാണ്.

2. കേരളത്തിൽ നല്ല കാർഷിക മുറകളിലൂടെ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കേരള ഗ്രോ ബ്രാൻഡിൽ വിൽക്കാൻ വിപണന കേന്ദ്രം ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ ധനസഹായം നൽകുന്നു. കർഷക കൂട്ടായ്മകൾ, കർഷക ഉത്പാദക സംഘടനകൾ, കൃഷിക്കൂട്ടങ്ങൾ, എൻജിഓകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയ്ക്കാണ് സഹായം നൽകുക. തങ്ങളുടെ ഉൽപ്പന്നങ്ങൾ കേരളാഗ്രോ ബ്രാൻഡ് ചെയ്യാൻ താല്പര്യം ഉള്ളവർക്കും വിശദവിവരങ്ങൾക്കായി കൃഷിഭവനുമായി ബന്ധപ്പെടുക.

3. കേരളസർക്കാരിന്റെ വനാമി ചെമ്മീൻ കൃഷി വികസനപദ്ധതി എറണാകുളം, തൃശൂർ ജില്ലകളിൽ നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോമിന്റെ മാതൃക, ധനസഹായം സംബന്ധിച്ച വിവരങ്ങൾ എന്നിവ ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള- ADAK-ന്റെ ഓഫീസുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ രേഖകൾ

സഹിതം റീജിയണൽ ഓഫീസ്, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള', (ADAK), സെൻട്രൽ സോൺ, സി.സി.503907, പെരുമാനൂർ പി.ഒ, കനാൽ റോഡ്, തേവര, കൊച്ചി-682015, എന്ന വിലാസത്തിൽ നവംബർ 20ന് (20.11.23) 5 മണിയ്ക്ക് മുൻപ് ലഭിക്കണം. തൃശൂർ ജില്ലയിൽ കർഷകർക്ക് അപേക്ഷകൾ ADAK പൊയ്യ ഫാമിൽ നേരിട്ട് നൽകാം. അർഹത സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്കായി താഴെപ്പറയുന്ന നമ്പരിൽ ബന്ധപ്പെടാം. 0484-2665479-ADAK എറണാകുളം ഓഫീസ്, 8078030733-ADAKപൊയ്യ ഫാം

4. സംസ്ഥാന സർക്കാരിന് കീഴിലെ ആദ്യത്തെ സ്പൈസസ് പാർക്ക് തൊടുപുഴ, മുട്ടം പഞ്ചായത്തുകളിലെ, തുടങ്ങനാട് 15.29 ഏക്കറിൽ കിൻഫ്രയുടെ നേതൃത്വത്തിൽ സജ്ജമാണ്. കേന്ദ്രസർക്കാരിന്റെ എം എസ് എം ഇ ക്ലസ്റ്റർ വികസന പദ്ധതിയുടെ കീഴിലാണ് പാർക്ക് വികസിപ്പിച്ചിരിക്കുന്നത്. സുഗന്ധവ്യഞ്ജനങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണത്തിനും സൗകര്യമുണ്ടാകും കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447459265.

പരിശീലന പരിപാടി

5. മലപ്പുറം ജില്ലയിലെ -ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ നവംബർ 15 മുതൽ ഡിസംബർ 15 വരെ വിവിധ വിഷയങ്ങളിൽ കർഷക പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. മുട്ടക്കോഴി വളർത്തൽ , ഇറച്ചിക്കോഴി വളർത്തൽ, ഓമനപ്പക്ഷികളുടെ പരിപാലനം, പോത്തുകുട്ടി പരിപാലനം, തീറ്റപ്പുൽ കൃഷിയും സൈലേജ് നിർമ്മാണവും, കറവപ്പശു പരിപാലനം, കാടപ്പക്ഷി വളർത്തൽ, ഓമന മൃഗങ്ങളുടെ പരിപാലനം, ആട് വളർത്തൽ, താറാവ് വളർത്തൽ എന്നീ വിഷയങ്ങളിലാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ 0494-2962296എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ നവംബർ 15, 16 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706/ 8113893159/ 8848997565 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.